**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2091 | 07.03.2017 ൽ മറുപടിക്ക്

## ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ മേഖലയിൽ വിപുലമായ ആശുപത്രി സംവിധാനമുള്ളപ്പോഴും ജനങ്ങളിൽ 60% ത്തിലധികം പേർ സ്വകാര്യമേഖലയെ ആശ്രയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ ചെയ്തു വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ പ്രഖ്യാപിച്ച ആർദ്രം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും,പ്രസ്തുത പദ്ധതി വഴി എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | കേരളത്തിന്റെ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീ സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനും താഴെ പറയുന്ന പ്രവർത്തനങ്ങളിലൂടെ ആർദ്രം ദൗത്യം ലക്ഷ്യമിടുന്നു.<br>1. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീ സൗഹൃദമായ രീതിയിൽ ഗുണമേന്മയുള്ള ചികിത്സ ഉറപ്പു വരുത്തുക.<br>2. ജില്ലാ-താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.<br>3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുക.<br>4. ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാമാർഗ രേഖകളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക.<br>5. ആരോഗ്യ നിർണ്ണയ ഘടകങ്ങളുടെ പരിഹാരത്തിനും ആരോഗ്യരംഗത്തെ ഫലപ്രദമായ ഇടപെടലിനുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.<br>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനറെ പ്രാഥമിക ഘട്ടമെന്ന |

| | | | |
|---|---|---|---|
| | | | നിലയിൽ വിവിധ അസംബ്ലി മണ്ഡലങ്ങൾ ഉൾപ്പെടുന്ന രീതിയിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തിരെഞ്ഞെടുക്കുകയും അതിനായി പ്രസ്തുത ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിനായി 39 കോടിയുടെ (230 മെഡിക്കൽ ആഫീസർമാരുടെയും 482 സ്റ്റാഫ് നഴ്സുകളുടെയും 133 ലാബ് ടെക്നീഷ്യൻമാരുടെയും) പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>ആർദ്രം പദ്ധതിയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനായി "Patient friendly transformation of out patient service to ensure quality of care" എന്ന പദ്ധതിയാണുള്ളത്. ഇതിലേക്കായി 5181.84 ലക്ഷം രൂപക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതു വഴി രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാൻ സാധിക്കുന്നതാണ്. OP ചുറ്റുപാടുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് ചികിത്സാ ചെലവ് ദൈനംദിനം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു തടയുവാനും ചികിത്സാ ചെലവ് ക്രമവൽക്കരിക്കാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് ചികിത്സാ ചെലവ് കൂടുതലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനായി ഗവൺമെന്റ് ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ ചെയ്തു വരുന്നുണ്ട്. |
| (ഡി) | ആരോഗ്യ ചികിത്സാ മേഖലയിലെ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാനായി തയ്യാറാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പു സമ്മേളനത്തിൽത്തന്നെ നിയമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ